**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3494**
**15/03/2018-ലെ മറുപടിക്ക്**

**സർക്കാർ വകുപ്പുകളിലെ പുതിയ തസ്തികകൾ**

| **ചോദ്യം**<br>**പ്രൊഫ.ആബീദ് ഹുസൈൻ തങ്ങൾ**<br>**(ബഹു. എം.എൽ.എ)** | **ഉത്തരം**<br>**ശ്രീ. തോമസ് ഐസക്ക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | 2016 ജനുവരി മുതൽ നാളിതുവരെയായി സംസ്ഥാനത്ത് എത്ര തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കമോ; | 2016 ജനുവരി മുതൽ ഇതുവരെ ആകെ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 12685 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പുതിയതായി തസ്തിക രൂപീകരിച്ച വകുപ്പുകളിൽ ആരുടെയെങ്കിലും പഠന റിപ്പോർട്ട് കിട്ടിയ ശേഷമാണോ അനുവാദം നൽകിയത്; വ്യക്തമാക്കമോ; | അദ്ധ്യാപകരുടെയും ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റു സാങ്കേതിക വിഭാഗം ജീവനക്കാരുടെയും തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചവയിൽ നല്ലൊരു പങ്കം മുൻ സർക്കാരിന്റെ കാലത്ത് യഥേഷ്ടം ഹയർ സെക്കണ്ടറി സ്കൂളുകളും കോഴ്സുകളും ബാച്ചുകളും അനുവദിക്കുകയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതിരിക്കുകയും ചെയ്തത് അക്കാദമിക മായ അരാജകത്വം സൃഷ്ടിച്ചിരുന്നു. ഈ അനിശ്ചിതാവസ്ഥ തുടരുന്നത് സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമല്ല എന്നതിനാൽ അദ്ധ്യാപക-അക്കാദമിക തസ്തികകൾ ഘട്ടംഘട്ടമായി അനുവദിക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു.<br>പൊതു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തി കേരളത്തിൽ ചികിൽസ എല്ലാവർക്കും പ്രാപ്തമാക്കുക എന്ന നയത്തിന്റെ ഭാഗമായാണ് ആരോഗ്യ രംഗത്ത് തസ്തിക സൃഷ്ടിക്കുന്നത്.<br>ഇത്തരത്തിലുള്ള മുൻഗണനകൾ പരിഗണിച്ചാണ് തസ്തിക സൃഷ്ടിക്കൽ നടത്തിയിട്ടുള്ളത്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് പുതിയതായി തസ്തികകൾ അനുവദിക്കില്ലെന്ന തീരുമാനം ധനവകുപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | പുതുതായി തസ്തികകൾ അനുവദിക്കില്ലെന്ന തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഇക്കണോമിക് മെഷേഴ്സ് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | നിലവിലെ വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | 2016 ജനുവരി മുതൽ വിവിധ വകുപ്പുകൾക്ക് ധനവകുപ്പ് അംഗീകാരം നൽകിയ തസ്തികകളുടെ എണ്ണം തിരിച്ച് നൽകുമോ; വ്യക്തമാക്കുമോ; സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്തിയ വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കുമോ? | 2016 ജനുവരി മുതൽ വിവിധ വകുപ്പുകൾ കോടതികൾ എന്നിവിടങ്ങളിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 12685 തസ്തികകൾ സൃഷ്ടിക്കാൻ ധന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിയമന നിരോധനം ഇല്ല. |

**സെക്ഷൻ ഓഫീസർ**